ഉത്തരം

(എ) ഹൈക്കോടതിയിൽ സർക്കാർ കേസ്സുകൾ നടത്തുന്നതിനായി അഡ്വ. ജനറലിനെ കൂടാതെ നാലു സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരും 22 സീനിയർ ഗവൺമെന്റ് പ്ലീഡർമാരും 19 ഗവൺമെന്റ് പ്ലീഡർമാരും ഉണ്ട്. പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരും കേസ്സുകൾ നടത്തുന്നതിന് ചുമതലപ്പെട്ടവരാണ്.

(ബി) കോടതി പ്രത്യേകം നിർദ്ദേശിക്കുമ്പോഴും സർക്കാർ ആവശ്യപ്പെടുമ്പോഴും നിലവിലുള്ള നിയമമോ, ചട്ടങ്ങളോ ചോദ്യം ചെയ്യപ്പെടുമ്പോഴും, ഭരണഘടനാപ്രശ്നങ്ങൾ ഉന്നയിക്കുന്ന സന്ദർഭങ്ങളിലുമാണ് സാധാരണഗതിയിൽ ഹൈക്കോടതിയിലെ കേസ്സുകളിൽ അഡ്വ. ജനറൽ നേരിട്ട് ഹാജരാകുന്നത്. കേസ്സുകളുടെ പൊതുതാൽപ്പര്യം കണക്കിലെടുത്തും അഡ്വ. ജനറൽ സ്വയമേവ ഹാജരാകാറുണ്ട്.

(സി) സാധാരണഗതിയിൽ ഇല്ല.

(ഡി)&(ഇ) ഒരു കേസ്സിൽ മന്ത്രിമാർക്കുവേണ്ടി അഡ്വ. ജനറൽ ഹാജരായതുകൊണ്ട്, സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരാകുന്നതിനായി പുറത്തു നിന്നുള്ള ഒരു അഭിഭാഷകനെ ഏർപ്പെടുത്തിയിട്ടുണ്ട്. ദേവസ്വം ഭരണസമിതിയിൽ നാമനിർദ്ദേശം നടത്തുന്നതിനെ ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.നം. 16192/99 കേസ്സിൽ ഒന്നാം എതിർ കക്ഷിയായ സംസ്ഥാന സർക്കാരിനുവേണ്ടി സുപ്രീംകോടതി സീനിയർ അഭിഭാഷകനായ ശ്രീ. അശോക്. എച്ച്. ദേശായി ഹാജരായിട്ടുണ്ട്. അദ്ദേഹത്തിന് ഫീസിനത്തിൽ 10,00,000 (പത്തു ലക്ഷം രൂപ) സർക്കാർ നൽകിയിട്ടുണ്ട്.

## അഡ്വക്കേറ്റ് ജനറലിന്റെ ഡൽഹി സന്ദർശനം

(134) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന അഡ്വ. ജനറൽ എത്ര പ്രാവശ്യം ഡൽഹി സന്ദർശിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വേണ്ടിയാണ് അദ്ദേഹം ഡൽഹി സന്ദർശിച്ചത്;

(സി) അദ്ദേഹം ഡൽഹി സന്ദർശിച്ചതിന് സ്പെഷ്യൽ അലവൻസ് അനുവദിച്ചുകൊണ്ട് എപ്പോഴെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അഡ്വ. ജനറൽ 36 പ്രാവശ്യം ഡൽഹി സന്ദർശിച്ചിട്ടുണ്ട്.

(ബി) കേസ്സുകളുടെ നടത്തിപ്പിനും അത് സംബന്ധിച്ച ചർച്ചകൾക്കും വേണ്ടിയാണ് അദ്ദേഹം ഡൽഹി സന്ദർശിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly